പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം-നം.1091.

12.6..2014 ൽ
മറുപടിക്ക്.

## കോളേജുകൾക്ക് സ്വയംഭരണാവകാശം

| ചോദ്യം | | | മറുപടി |
|---|---|---|---|
| ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ജെയിംസ് മാത്യു. | | | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിലൂടെ എന്ത് നേട്ടം കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത് : | (എ) | സർക്കാരിന്റെ ഇടപെടൽ ഇല്ലാതെ എന്നാൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നല്കുവാനാണ് ഉദ്ദേശിക്കുന്നത്. സ്വയംഭരണപദവി ലഭിക്കുന്ന കോളേജുകൾക്ക് പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവൽക്കരിക്കാനും പരിഷ്കരിക്കാനും അധികാരമുണ്ടായിരിക്കും. ഇതിലൂടെ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കാലാനുസൃതമായി നവീനമായ കോഴ്സുകൾ രൂപപ്പെടുത്തുന്നതിന് കോളേജുകൾക്ക് കഴിയും. |
| (ബി) | രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ പ്രവർത്തനമാരംഭിച്ച സ്വയംഭരണ കോളേജുകളുടെ നിലവാരം സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ : | (ബി) | ഉണ്ട്. സംസ്ഥാനത്ത് സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ച പ്രൊഫ.എൻ.ആർ.മാധവ മേനോൻ അദ്ധ്യക്ഷനായ സമിതി സ്വയം ഭരണ പദവിയുള്ള ചെന്നൈയിലെ സ്റ്റെല്ലാ മേരീസ് കോളേജ് സന്ദർശിച്ച് പഠനം നടത്തിയിരുന്നു. |
| (സി) | സ്വയംഭരണ കോളേജുകളിൽ പുതുതായി ആരംഭിക്കുന്ന കോഴ്സുകളുടെ ബാദ്ധ്യത സർക്കാർ വഹിക്കുകയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ടോ ; എങ്കിൽ ഭാവിയിൽ ഈ കോളേജുകൾ സ്വാശ്രയ കോളേജുകളായി മാറാനുള്ള സാധ്യത മുന്നിൽ കണ്ടിട്ടുണ്ടോ : | (സി) | അക്കാദമിക സ്വയംഭരണാവകാശം അനുവദിക്കുന്നതിന്റെ ഭാഗമായി പുതിയതായി വരുന്ന സാമ്പത്തിക ബാദ്ധ്യത കോളേജ് മാനേജ്മെന്റുകൾ തന്നെ വഹിക്കേണ്ടതാണ്. അക്കാദമിക സ്വയംഭരണ കോളേജുകളിൽ ആരംഭിക്കുന്ന കോഴ്സുകളിലെ ഫീസ് സർക്കാരിന്റെയും സർവകലാശാലയുടെയും അനുമതിയോട് കൂടി മാത്രമായിരിക്കും നിശ്ചയിക്കുക. സർക്കാരിന്റെ നിലവിലുള്ള സംവരണ നയം പാലിച്ച് തന്നെയായിരിക്കും സ്വയംഭരണ കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനം നടത്തുന്നത്. അക്കാദമിക സ്വയംഭരണാവകാശം നേടുന്ന എയ്ഡഡ് |

| | | | |
|---|---|---|---|
| | | | കോളേജുകൾ ഇത് സംബന്ധിച്ച് സർക്കാരുമായി കരാറിൽ ഏർപ്പെടണമെന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ പരിഷ്കാരം സമൂഹത്തിലെ സാധാരണക്കാരായ വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ : | (ഡി) | സർക്കാരിന്റെ നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ,മെറിറ്റ് എന്നിവ പാലിച്ച മാത്രമാണ് സ്വയംഭരണ കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനം അനുവദിക്കുന്നത്. ഇക്കാര്യങ്ങൾ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി വിവിധ സർവ്വകലാശാലകളുടെ ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തി സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ കോളേജുകൾക്ക് അക്കാദമിക സ്വയംഭരണ പദവി നൽകുന്നത് സാധാരണക്കാരായ വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കുകയില്ല. |
| (ഇ) | സ്വാശ്രയ കോളേജുകൾക്ക് സ്വയംഭരണം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ : | | ഇല്ല. |
| (എഫ്) | അദ്ധ്യാപക സംഘടനകൾ, വിദ്യാഭ്യാസ വിചക്ഷണന്മാർ വിദ്യാർത്ഥി സംഘടനകൾ എന്നിവരുമായി ഈ വിഷയം ചർച്ച ചെയ്ത് സമവായത്തിലെത്താൻ കഴിഞ്ഞിട്ടുണ്ടോ : | (എഫ്) | വിവിധ അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളുമായും വിദ്യാർത്ഥി സംഘടനകളുമായും വിദ്യാഭ്യാസ വിചക്ഷണന്മാരുമായും കോളേജുകൾക്ക് അക്കാദമിക സ്വയംഭരണപദവി നൽകുന്നത് സംബന്ധിച്ച് ചർച്ച നടത്തിയിട്ടുള്ളതാണ്. |
| (ജി) | സ്വയംഭരണ കോളേജുകൾക്കെതിരെ വ്യാപകമായി ഉയർന്നുവരുന്ന പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സാഹചര്യത്തിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്നതിന് തയ്യാറാകുമോ? | (ജി) | സ്വയംഭരണാവകാശം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് കോളേജുകളുടെ അക്കാദമിക് സ്വയംഭരണാവകാശം മാത്രമാണ്. നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നല്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിനാൽ സ്വയംഭരണപദവി നൽകാനുള്ള തീരുമാനം പുനഃപരിശോധിക്കേണ്ടതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ